എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

191 (3120)ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനത്തിനായി ലിസ്റ്റ് ആവശ്യപ്പെട്ടാൽ എംപ്ലോയ്മെന്റ് ഓഫീസുകളിൽ നിന്നും യഥാസമയം ലിസ്റ്റ് നൽകുന്നില്ലെന്നും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതായും മറ്റുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) ആവശ്യപ്പെടുന്ന ഡിപ്പാർട്ടുമെന്റുകൾക്ക് സമയബന്ധിതമായി ലിസ്റ്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിൽ നിന്നും ലിസ്റ്റുകൾ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി എക്സ്ചേഞ്ചുതലത്തിൽ നികത്തുന്ന ഒഴിവുകൾക്ക് ഒരാഴ്ചക്കുള്ളിലും, ജില്ലാതലത്തിലുള്ള ഒഴിവുകൾക്ക് രണ്ടാഴ്ചക്കുള്ളിലും സംസ്ഥാനതലത്തിലുള്ള ഒഴിവുകൾക്ക് നാല് ആഴ്ചക്കകവും ലിസ്റ്റ് ഉദ്യോഗദായകന് നൽകണമെന്ന് ഉത്തരവ് (ജി.ഒ.(എം.എസ്) നമ്പർ. 79/99/എൽഡിആർ തീയതി 5.7.1999) പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ വേതനം നൽകുന്നതിന്റെ മാന ദണ്ഡം

192 (3121) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോക്ടർ കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ്:
ശ്രീ. ടി.എസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതനത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത മാനദണ്ഡം എന്നുമുതലാണ് നടപ്പിൽവന്നത്;

(സി) ഇവ കാലോചിതമായി പരിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) തൊഴിൽരഹിത വേതനത്തിനർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്:

1. പ്രായം 18-നും 35-നും മദ്ധ്യേ

LIBRARY ARCHIVES Kerala Legislative Assembly

2. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വികലാംഗ അപേക്ഷകർക്ക് എസ്.എസ്.എൽ.സി. പാസ്സാകണമെന്നില്ല. ടി പരീക്ഷകൾക്ക് ഹാജരായാൽ മതിയാകും.

3. വാർഷിക കുടുംബ വരുമാനം പന്തീരായിരം രൂപയിൽ കവിയാൻ പാടില്ല,

4. 18 വയസ്സിനുശേഷം തുടർച്ചയായി 3 കൊല്ലം തൊഴിൽ ലഭിക്കാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ നിലനിർത്തുന്നവരായിരിക്കണം.

5. വിദ്യാർത്ഥികൾ അപേക്ഷിക്കുവാൻ അർഹരല്ല (6 മാസംവരെ ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകൾ ഒഴിവാക്കിയിട്ടുണ്ട്)

6. വികലാംഗർക്ക് 18 വയസ്സിനുശേഷം തുടർച്ചയായി രണ്ടു വർഷത്തെ രജിസ്ട്രേഷൻ സീനിയോറിറ്റി മതിയാകും.

7. പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്ത തൊഴിൽ രഹിതർക്കും അർഹതയുണ്ടായിരിക്കും.

8. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കിയിരിക്കണം.

(ബി) 1.6.1998 മുതൽ

(സി) കാലോചിതമായി പരിഷ്കരിച്ച് 1998-ൽ നടപ്പാക്കിയ മാനദണ്ഡമാണ് ഇപ്പോൾ നിലവിലുള്ളത്.

കടയ്ക്കൽ കേന്ദ്രമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

193 (3122)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കാൻ പരിപാടിയുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം എന്ന് അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ കടയ്ക്കൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കടയ്ക്കൽ കേന്ദ്രമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) & (ബി) നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവില്ല.

(സി) ഉണ്ട്.

(ഡി) ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ പുതിയതായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly